ലോക സുസ്ഥിര വികസന ഉച്ചകോടി
കാലാവസ്ഥാ മാറ്റം നേരിടാൻ
സമൂഹത്തിന്റെ പിന്തുണ അനിവാര്യം:
മന്ത്രി ജയന്ത് സിൻഹ

ന്യൂഡൽഹി · ഗാന്ധിജയന്തി ദിനത്തിൽ കോഴിക്കോട്ട് പ്രധാനമന്ത്രി നടത്തിയ പ്രഖ്യാപനത്തിലൂടെ ഇന്ത്യ അംഗീകരിച്ച പാരീസ് കാലാവസ്ഥാ മാറ്റ കരാർ പ്രാബല്യത്തിലാക്കാൻ വാണിജ്യ,വ്യവസായ സമൂഹവും സഹകരിച്ചേ മതിയാകൂ എന്ന് കേന്ദ്രമന്ത്രി ജയന്ത് സിൻഹ. ന്യൂഡൽഹിയിൽ ലോക സുസ്ഥിര വികസന ഉച്ചകോടിക്കു മുന്നോടിയായി വിവിധ മേഖലകളിലെ വിദഗ്ധരുമായുള്ള സംവാദം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സുസ്ഥിര വികസനത്തിന് മാനസിക പരിവർത്തനമാണ് ആവശ്യം.. സ്വച്ഛഭാരത് ഈ ദിശയിലെ ഒരു തുടക്കമാണ്. സർക്കാരിന്റെ രീതികളിലും പരിവർത്തനം അനിവാര്യമാണ്. ലൈസൻസ് നൽകുക, നിയന്ത്രിക്കുക, എന്ന കേവല ചുമതലയിൽ നിന്ന് സഹായങ്ങളും സൗകര്യങ്ങളും ഒരുക്കുന്ന ചുമതലയിലേക്കു സർക്കാർ മാറേണ്ടതുണ്ടെന്നും കേന്ദ്രമന്ത്രി പറഞ്ഞു. പൊതു സ്ഥലത്തെ മലമൂത്ര വിസർജനം നിരോധിക്കുന്നതിനൊപ്പം സർക്കാർ എല്ലാവർക്കും ശൗചാലയം ഉറപ്പാക്കുന്നത് ഇതിന്റെ തുടക്കമാണ്. വ്യോമയാന രംഗത്തും കാർബൺ പുറന്തള്ളൽ കുറയ്ക്കാനുള്ള നടപടികൾക്ക് തുടക്കമിട്ടതായും വ്യോമയാന സഹമന്ത്രിയായ സിൻഹ പറഞ്ഞു. മാലിന്യ നിർമാർജനവും കാലാവസ്ഥാ മാറ്റവും ബാധ്യതകളല്ലെന്നും ബിസിനസ്–തൊഴിൽ അവസരങ്ങളാണെന്നും യുഎൻ പരിസ്ഥിതി മേധാവി എറിക് സോളിം മുഖ്യപ്രസംഗത്തിൽ പറഞ്ഞു. ഗംഗ ഉൾപ്പെടെയുള്ള നദികളുടെ ശുദ്ധീകരണം സർക്കാർ മാത്രമായി ഏറ്റെടുക്കാതെ വ്യവസായമായി കണ്ട് നടപ്പിലാക്കണം.. യുഎൻ മേധാവി അഭിപ്രായപ്പെട്ടു. ഉച്ചകോടിയുടെ സംഘാടകരായ ദി എനർജി ആൻഡ് റിസോഴ്സസ് ഇൻസ്റ്റിറ്റ്യൂട്ട് (ടെറി) ചെയർമാൻ അശോക് ചാവ ്ല, ഡയറ്കർ ജനറൽ ഡോ. അജയ് മാത്തൂർ, ടാറ്റ കെമിക്കൽസ് സിഇഒ: ആർ. മുകുന്ദൻ, ടെറി സീനിയർ ഡയറക്ടർ അന്നപൂർണ വാഞ്ചേശ്വരി തുടങ്ങിയവർ പ്രസംഗിച്ചു.

ഇന്ന് വിജ്ഞാൻ ഭവനിൽ രാഷ്ട്രപതി പ്രണബ് മുഖർജി ഉച്ചകോടി ഉദ്ഘാടനം ചെയ്യും.